കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - ബുധനൂർ ഗ്രാമപഞ്ചായത്ത്- കിണർ ശുചീകരണത്തിന് വികസന ഫണ്ട് ഉപയോഗിക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം. 3011/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 27.11.2018.

---

പരാമർശം : 1) ബുധനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 27.10.2018 ലെ കത്ത്

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31/10/2018 ലെ 4.21 നമ്പർ യോഗതീരുമാനം.

ഉത്തരവ്

ബുധനൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള സ്രോതസ്സുകളായ കിണറുകൾ പ്രളയജലത്താൽ മൂടപെട്ട് ഉപയോഗശൂന്യമായിരിക്കുകയാണെന്നും ആയതിനാൽ സ്വന്തം നിലയ്ക്ക് കിണർ വൃത്തിയാക്കാൻ സാമ്പത്തികമായി കഴിവില്ലാത്തവരുടെ കിണറുകൾ വൃത്തിയാക്കി ഉപയോഗ യോഗ്യമാക്കുക എന്ന ശ്രമകരമായ പദ്ധതി ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കേണ്ടതുണ്ടെന്നും എന്നാൽ തനത് ഫണ്ട് കുറവായതിനാൽ ആയതു നടപ്പിലാക്കാൻ സാധിക്കുന്നില്ല എന്നും ആയതിനാൽ, പ്രളയനാന്തര പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വ്യക്തികളുടെ ഉപയോഗയോഗ്യമല്ലാത്ത കിണറുകൾ ഗ്രാമപഞ്ചായത്തിലെ മോട്ടോർ ഉപയോഗിച്ച് തൊഴിലാളികളെ നിയോഗിച്ച് വൃത്തിയാക്കി ഉപയോഗയോഗ്യമാക്കുന്നതിനുള്ള ചെലവിന് വികസന ഫണ്ട് ഉപയോഗിക്കുന്നതിനുള്ള പ്രത്യേകാനുമതി നൽകണമെന്ന് ബുധനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1)പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) ഇക്കാര്യം 31/10/2018 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ചു. ടി യോഗത്തിന്റെ പരാമർശം (2)ലെ തീരുമാന പ്രകാരം പഞ്ചായത്തിന് തനത് ഫണ്ട് കുറവായതിനാലും പഞ്ചായത്ത് ഗുണഭോക്താക്കൾക്ക് തുക കൈമാറുന്നതിന് പകരം നേരിട്ട് കിണർ വൃത്തിയാക്കുന്ന രീതി ആയതിനാലും ഗ്രാമപഞ്ചായത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വ്യക്തികളുടെ ഉപയോഗയോഗ്യമല്ലാത്ത കിണറുകൾ ഗ്രാമപഞ്ചായത്തിലെ മോട്ടോർ ഉപയോഗിച്ച് തൊഴിലാളികളെ നിയോഗിച്ച് വൃത്തിയാക്കി ഉപയോഗയോഗ്യമാക്കുന്നതിനുള്ള ചെലവിന് വികസന ഫണ്ട് ഉപയോഗിക്കുന്നതിനുള്ള പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രസിഡന്റ് / സെക്രട്ടറി , ബുധനൂർ ഗ്രാമപഞ്ചായത്ത്, ആലപ്പുഴ

ചെയർമാൻ, സംസ്ഥാനറിസോഴ്സ് ഗ്രൂപ്പ്,തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ